**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4589** **13-03-2023 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ജില്ലയിൽ കോർപ്പസ് ഫണ്ട് മുഖേന നടപ്പാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | 2022-23 സാമ്പത്തിക വർഷം കണ്ണൂർ ജില്ലയിൽ പട്ടികജാതിവിഭാഗത്തിനുള്ള കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | 2022-23 സാമ്പത്തിക വർഷം കണ്ണൂർ ജില്ലയിൽ പട്ടികജാതി വിഭാഗത്തിനുള്ള കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ **അനുബന്ധമായി** ചേർത്തിരിക്കുന്നു. |
| (ബി) | കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്താൻ പദ്ധതികൾ തെരഞ്ഞെടുത്തതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വിശദമാക്കാമോ? | (ബി) | പട്ടികജാതി വിഭാഗത്തിൽപെട്ടവർക്കായി കുടിവെള്ള വിതരണം, വൈദ്യുതി വിതരണം, ഗതാഗത സൗകര്യ വികസനം, പട്ടികജാതി സങ്കേതങ്ങളിലെ വിദ്യാർത്ഥികളുടെ സമഗ്ര പുരോഗതിയ്ക്ക് (വിദ്യാഭ്യാസം, സംസ്കാരം, കായികം) ഉതകുന്ന പ്രൊജക്ടുകൾ എന്നിവയാണ് കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്താവുന്ന പദ്ധതികൾ. ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, എം.പിമാർ, എം.എൽ.എ മാർ എന്നിവർ ലഭ്യമാക്കുന്ന പ്രൊപ്പോസൽ ജില്ലാ പ്ലാനിംഗ് ഓഫീസറുടെയും ജില്ലാ പട്ടികജാതി വികസന ഓഫീസറുടെയും സംയുക്ത പരിശോധനാ റിപ്പോർട്ടിന്റെയും പട്ടികജാതി വികസന ഓഫീസറുടെ ഫീസിബിലിറ്റി റിപ്പോർട്ടിന്റെയും, സോഷ്യൽ മാപ്പ് , ഗുണഭോക്തൃ ലിസ്റ്റ് എന്നിവയുടെയും അടിസ്ഥാനത്തിൽ പദ്ധതികൾ തെരഞ്ഞെടുക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| നം | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക (രൂപ) |
|---|---|---|
| 1 | ശ്രീമതി. ഷാനി ടി.കെ എന്നവർക്ക് വൈദ്യുത പോസ്റ്റ് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി. | 9,717/- |
| 2 | വള്ളുവ അംബേദ്കർ കോളനിയിൽ പെരുമ്പ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി. | 1,14,172 /- |
| 3 | വിജ്ഞാൻവാടികളുടെ ആവർത്തന ചെലവുകൾക്കായി തുക അനുവദിക്കുന്നത്. | 50,000/- |
| 4 | കിണർ ഇടിഞ്ഞ് താഴ്ന്നതിന്റെ റീ-കൺസ്ട്രക്ഷൻ വർക്ക് (ശ്രീ.എം.എ. കുട്ടപ്പൻ) | 3,14,000/- |
| 5 | പുഞ്ചക്കാട് കോളനി കുടിവെള്ള പദ്ധതി (പയ്യന്നൂർ നഗരസഭ) | 6,00,000 /- |
| 6 | അതിരകം പട്ടികജാതി കോളനി ഫുട്പാത്ത് കോൺക്രീറ്റിംഗ് (കണ്ണൂർ കോർപ്പറേഷൻ) | 2,50,000/- |
| 7 | വാരം ശാസ്താംകോട്ട ലക്ഷംവീട് കോളനി സംരക്ഷണ ഭിത്തിയും, ഫുട്പാത്ത് നിർമ്മാണവും (കണ്ണൂർ കോർപ്പറേഷൻ) | 14,93,000/- |
| 8 | വലിയന്നൂർ കോളനിയിൽ സംരക്ഷണ ഭിത്തിയും ഫുട് പാത്ത് നിർമ്മാണവും (കണ്ണൂർ കോർപ്പറേഷൻ) | 10,00,000/- |